# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 15

# വാർത്താക്കുറിപ്പ്

---

## എം.ജി. ഡിഗ്രി ഏകജാലകം രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**– അർഹരായവർ ജൂലൈ 17ന് വൈകീട്ട് 4.30നകം പ്രവേശനം നേടണം**

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി ഡിഗ്രി പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി ജൂലൈ 17ന് വൈകീട്ട് 4.30ന് മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. ജൂലൈ 17നകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും.

(പി.ആർ.ഒ./39/1345/2019)

## എം.ജി. പി.ജി. ഏകജാലകം; ഫൈനൽ അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ ഇന്നുകൂടി (ജൂലൈ 16)

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി പി.ജി. പ്രവേശനത്തിനുള്ള ഫൈനൽ അലോട്ട്മെന്റിന് നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിക്കാത്തവർക്കുമായി നടത്തുന്ന ഫൈനൽ അലോട്ട്മെന്റിന് ഇന്നുകൂടി (ജൂലൈ 16) ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം. നിലവിൽ പ്രവേശനമെടുത്തവർ ഫൈനൽ അലോട്ട്മെന്റിൽ അപേക്ഷിക്കാൻ പാടില്ല.

(പി.ആർ.ഒ./39/1346/2019)

## പ്രാക്ടിക്കൽ

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വോക്കൽ സി.എസ്.എസ്. (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/ 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 22 മുതൽ 24 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1347/2019)

## എം.ബി.എ പ്രവേശനം; ജൂലൈ 22 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഈ അധ്യയന വർഷത്തെ എം.ബി.എ. പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ജൂലൈ 22 വരെ അപേക്ഷിക്കാം. പ്രവേശനപരീക്ഷയുടെയും (കെമാറ്റ് കേരള/സിമാറ്റ്/ക്യാറ്റ്), ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. ഷോർട് ലിസ്റ്റ് ചെയ്യപ്പെട്ടവരുടെ ഇന്റർവ്യൂവും ഗ്രൂപ്പ് ഡിസ്കഷനും ജൂലൈ 25ന് നടക്കും. ജൂലൈ 29ന് അതത് കോളേജുകളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും.

ഓഗസ്റ്റ് ഒന്നിന് ക്ലാസുകൾ തുടങ്ങും. അപേക്ഷ കോളേജുകളിൽ ലഭിക്കും. അതത് കോളേജുകളിൽ അപേക്ഷ നൽകണം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1348/2019)

## എം.എഫ്.എ. പ്രവേശനം; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ ഈ അധ്യയന വർഷത്തെ എം.എഫ്.എ. പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ജൂലൈ 27 വരെ അപേക്ഷിക്കാം. പ്രാക്ടിക്കൽ, എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. പ്രാക്ടിക്കൽ, എഴുത്തു പരീക്ഷ ജൂലൈ 29നും ഇന്റർവ്യൂ ജൂലൈ 30നും നടക്കും. ഓഗസ്റ്റ് ഒന്നിന് കോളേജിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. ഓഗസ്റ്റ് അഞ്ചിന് ക്ലാസുകൾ തുടങ്ങും. അപേക്ഷ കോളേജുകളിൽ ലഭിക്കും. അതത് കോളേജുകളിൽ അപേക്ഷ നൽകണം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1349/2019)

## അക്കാദമിക് കൗൺസിൽ വിദ്യാർഥി പ്രതിനിധി തെരഞ്ഞെടുപ്പ്

മഹാത്മാ ഗാന്ധി സർവകലാശാല അക്കാദമിക് കൗൺസിലിലേക്ക് സർവകലാശാലയ്ക്ക് കീഴിലുള്ള മുഴുവൻ സമയ ബിരുദാനന്തര ബിരുദ വിദ്യാർഥികളിൽ നിന്ന് വിവിധ ഫാക്കൽറ്റി പ്രതിനിധികൾക്കുവേണ്ടി തെരഞ്ഞെടുപ്പ് നടത്തുന്നു. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1350/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 27 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1351/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ